# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 5256 31.10.2016 - ൽ മറുപടിയ്ക്ക്

### അന്തർ സംസ്ഥാന നദീജലക്കരാറുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി. കെ. നാണു<br>ശ്രീ. കെ. ബി. ഗണേഷ് കുമാർ<br>ശ്രീ. തോമസ് ചാണ്ടി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേരളത്തിൽ മൊത്തം എത്ര ഡാമുകളാണ് നിലവിലുള്ളത് ; ഓരോ ഡാമിന്റെയും പേരും ജലസംഭരണ ശേഷിയും വ്യക്തമാക്കാമോ ; | (എ) | കേരളത്തിൽ മൊത്തം 83 ഡാമുകളാണ് നിലവിലുള്ളത്. കേരളത്തിലെ ജലസേചന വകുപ്പിന്റെ കീഴിൽ 24 ഡാമുകൾ/ബാരേജുകളും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ 58 ഡാമുകളുമാണ് ഉള്ളത് അവയുടെ പേരും ജലസംഭരണ ശേഷിയും ഉൾപ്പെടുന്ന പട്ടിക യഥാക്രമം അനുബന്ധം - I ഉം അനുബന്ധം -II ഉം ആയി ചേർത്തിരിക്കുന്നു.<br><br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒരു ഡാമാണ് ഉള്ളത്. ഇത്- പേപ്പാറ ഡാം ആണ് ഈ ഡാമിന്റെ സംഭരണശേഷി 70 million m³ ആണ്. |
| ബി) അന്തർസംസ്ഥാന നദീജലക്കരാറുകൾ പ്രകാരം ഓരോ വർഷവും കേരളം തമിഴ് നാടിന് ഓരോ ഡാമിൽ നിന്നും എത്ര ജലം വീതം നൽകാൻ ബാദ്ധ്യസ്ഥമാണെന്നത് സംബന്ധിച്ച് അണക്കെട്ടുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കുമോ ; | (ബി) | കേരളവും തമിഴ് നാടും തമ്മിലുള്ള ശിരുവാണി കുടിവെള്ള പദ്ധതി കരാർ അനുസരിച്ച് കേരളം ഓരോ വർഷവും 1.3 ടി.എം.സി.എഫ്.ടി ജലം കവിയാതെ തമിഴ് നാട്ടിലെ കോയമ്പത്തൂർ മുൻസിപ്പൽ ടൗണിലേയും തൊട്ടടുത്തുള്ള സ്ഥലങ്ങളിലെയും കുടിവെള്ള ആവശ്യങ്ങൾക്ക് വേണ്ടി നൽകേണ്ടതാണ്.<br>പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരം തമിഴ് നാടിന് കേരളത്തിലെ ഡാമുകളിൽ നിന്ന് ലഭിക്കാവുന്ന ജലത്തിന്റെ അളവ് താഴെപ്പറയും പ്രകാരമാണ്.<br><br>1. പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകളിൽ നിന്നും 14 ടി.എം.സി. ജലം തമിഴ് നാടിന് സംഭരിച്ച |

തിരിച്ചുവിടാവുന്നതാണ്.

2. ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും കേരളത്തിന് 12.3 ടി.എം.സി. ജലം അളന്നു പുറത്തു വിട്ടതിനുശേഷം ബാക്കി വരുന്ന അധിക ജലം തമിഴ് നാടിന് അവകാശപ്പെട്ടതാണ്.

1886 ലെ മുല്ലപ്പെരിയാർ പാട്ടക്കരാർ പ്രകാരം പെരിയാർ നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽ നിന്നും 155 അടിയുടെ പൊക്കം വരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട ഏകദേശം 8000 ഏക്കർ ജലസംഭരണിയും അതിനടുത്തു തന്നെ മറ്റൊരു 100 ഏക്കർ സ്ഥലവും 999 വർഷത്തേയ്ക്ക് തമിഴ് നാടിനു പാട്ടത്തിനു നൽകിയിട്ടുണ്ട്. ഈ കരാർ പ്രകാരം മേൽപ്പറഞ്ഞ പ്രദേശത്തേക്കു വരുന്നതോ, അതിലൂടെ ഒഴുകുന്നതോ, വീഴുന്നതോ, അതിൽ നിന്നുള്ളതോ ആയ ജലം മുഴുവൻ തമിഴ് നാടിന് അവകാശപ്പെട്ടതാണ് (1886 - ലെ പാട്ടക്കരാർ നിലവിലില്ല എന്നാണ് കേരളത്തിന്റെ വാദമെങ്കിലും 07.05.2014-ലെ സുപ്രീം കോടതി വിധിയിൽ ഈ കരാറിന് സാധുത നൽകിയിട്ടുണ്ട്)

സി) അന്തർസംസ്ഥാന നദീജലക്കരാർ പ്രകാരം കേരളത്തിന് ഓരോ പ്രോജക്ടിൽ നിന്നും ലഭ്യമാകേണ്ട ജലം എത്രയെന്നത് സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ 2010 -11 മുതൽ 2015 - 16 കാലയളവ് വരെ എത്ര ജലം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ;

(സി) ഉണ്ട്.

മണക്കടവ് വിയറിൽ കേരളത്തിന് ഒരു ജലവർഷം ലഭിക്കേണ്ട ജലം 7250 എം.സി.എഫ്.ടി. യും കേരള ഷോളയാറിൽ കേരളത്തിന് ഒരു ജലവർഷം ലഭിക്കേണ്ട ജലം 12300 എം.സി.എഫ്.ടി.യുമാണ്.

പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽ നിന്ന് 2010- 11 മുതൽ 2015 -16 വരെ ജലവർഷങ്ങളിൽ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവുകൾ വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| Water Year | Quantity in MCFT at Kerala Sholayar | Quantity net accepted at Manacadavu in MCFT | Upper Nirar Quantity received in MCFT |
|---|---|---|---|
| 2010-11 | 12334 | 7250+509=7759 | 1561 |
| 2011-12 | 12321 | 7250+562=7812 | 960 |
| 2012-13 | 10663 | 5574 | 763 |
| 2013-14 | 12950 | 7250+271=7521 | 950 |
| 2014-15 | 12725 | 7250+217=7467 | 974 |
| 2015-16 | 11113.73 | 7250+42=7292 | 1131.49 |

ലോവർ നീരാർ ഡാമിന്റേയും, പറമ്പിക്കുളം പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകളുടെ വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ച് കണക്കാക്കി 16350 എം.സി.എഫ്.ടി. യ്ക്ക് അധികമായി വന്ന 2500 എം.സി.എഫ്.ടി ജലം 2007 - 08 ജല വർഷത്തിൽ കേരളത്തിന് അർഹതപ്പെട്ടതായി. ഇത് തുടർന്നുള്ള ജലവർഷങ്ങളിൽ കേരളത്തിന് മണക്കടവ് വിയറിൽ ചുവടെ കൊടുത്തിരിക്കുന്ന വിധം ഗഡുക്കളായി ലഭിച്ച് വരുന്നു.

Parambikulam Group Excess Yield Receipt

| Water Year | Eligible Quantity in MCFT | Quantity received in MCFT | Remarks |
|---|---|---|---|
| 2010-11 | 0 | 509 | |
| 2011-12 | 0 | 562 | |
| 2012-13 | 0 | 0 | |
| 2013-14 | 0 | 271 | |
| 2014-15 | 0 | 217 | |
| 2015-16 | 0 | 42 | |

ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം അഞ്ച് ക്യൂസെക്സ് ജലം കേരളത്തിന്റെ കീഴ് നദീതട അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ലഭിക്കേണ്ടതാണ്. കരാർ പ്രകാരം riparian requirement -നായി അഞ്ച് ക്യൂസെക്സ് ജലം കൃത്യമായി കേരളത്തിന് ലഭിക്കുന്നുണ്ട്.

ഡി) കേരളത്തിലെ ജലം ഉപയോഗിച്ച് തമിഴ് നാട്ടിൽ എത്ര വൈദ്യുതി ഉല്പാദന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഓരോന്നിന്റെയും പേരും ഉല്പാദന ശേഷിയും അറിയിക്കുമോ ?

(ഡി) പറമ്പിക്കുളം - ആളിയാർ സിസ്റ്റത്തിൽ തമിഴ് നാടിന്റെയും കേരളത്തിന്റെയും കൂടി വെള്ളം സംയുക്തമായി ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുത നിലയങ്ങളുടെ പേരും ഉല്പാദനശേഷിയും താഴെ കൊടുക്കുന്നു.

| വൈദ്യുതി നിലയത്തിന്റെ പേര് | ഉല്പാദനശേഷി (MW) |
|---|---|
| 1. തമിഴ് നാട് ഷോളയാർ പവ്വർ ഹൗസ് - 1 | 70 MW |
| 2.തമിഴ് നാട് ഷോളയാർ പവ്വർ ഹൗസ് - 2 | 25 MW |
| 3. സർക്കാർ പതി | 30MW |
| 4. ആളിയാർ | 2.5 MW |
| 5. തിരുമൂർത്തി | 1.95 MW |

| | |
|---|---|
| 6. കാടാമ്പാറ പവ്വർ ഹൗസ് | 400 MW |

മുല്ലപ്പെരിയാറിലെ ജലം ഉപയോഗിച്ച് തമിഴ് നാട്ടിൽ 4 വൈദ്യുതി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിന്നും കഴിഞ്ഞ വർഷം ഉല്പാദിപ്പിച്ച വൈദ്യുതിയുടെ അളവുകൾ ചുവടെ ചേർക്കുന്നു.

| Unit No. | Total consumption in kwh |
|---|---|
| I | 80997000 |
| II | 124164000 |
| III | 165306000 |
| IV | 63000 |

കാവേരിയുടെ പോഷക നദിയായ ഭവാനിയുടെ ജലം ഉപയോഗിച്ച് തമിഴ് നാട് ലോവർ ഭവാനിയിൽ ലോവർ ഭവാനി പവ്വർഹൗസും, ലോവർ ഭവാനി RBC പവ്വർ ഹൗസും പ്രവർത്തിക്കുന്നുണ്ട്.

പവ്വർ ഹൗസുകളുടെ പേരും അവയുടെ ഉല്പാദനശേഷിയും ചുവടെ ചേർക്കുന്നു.

| പവ്വർ ഹൗസുകളുടെ പേര് | Installed capacity MW |
|---|---|
| 1. ലോവർ ഭവാനി പവ്വർ ഹൗസ് | 8 MW |
| 2. ലോവർ ഭവാനി RBC പവ്വർ ഹൗസ് | 7.5MW |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

കേരളത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ 24 ഡാമുകൾ/ബാരേജുകൾ നിലവിലുണ്ട്. ഇവയിൽ 20 എണ്ണം ഡാമും 4 എണ്ണം ബാരേജുമാണ്. മേൽ പറഞ്ഞവയിൽ മുല്ലപ്പെരിയാർ, തുണക്കടവ്, പറമ്പിക്കുളം, പെരുവാരിപള്ളം എന്നിവയുടെ നടത്തിപ്പും പരിപാലനവും ചെയ്യുന്നത് തമിഴ് നാട് WRD ആണ്. ഓരോ ഡാമിന്റെ/ബാരേജിന്റെ പേരും ജലസംഭരണശേഷിയും ചുവടെ ചേർക്കുന്നു

| Sl. No. | Name of Dam | Gross Storage Capacity ($10^3$ $m^3$) |
|---|---|---|
| 1 | Malampuzha | 228400 |
| 2 | Walayar | 18901.8 |
| 3 | Vazhani | 18121 |
| 4 | Peechi | 110435 |
| 5 | Neyyar | 106200 |
| 6 | Meenkara (Gayathri stage I) | 11300 |
| 7 | Chulliar (Gayathri stage II) | 13700 |
| 8 | Mangalam | 25494 |
| 9 | Pothundy | 50914 |
| 10 | Kuttiyadi Irrigation Project | 120520 |
| 11 | Kanjirapuzha | 70827.4 |
| 12 | Siruvani | 255000 |
| 13 | Kallada (Parappar) | 524000 |
| 14 | Malankara | 37000 |
| 15 | Chimoni | 179390 |
| 16 | Karapuzha | 76500 |
| 17 | Mullaperiyar | 443490 |
| 18 | Thunakkadavu | 15770 |
| 19 | Parambikulam | 504660 |
| 20 | Peruvarippallam | 17560 |
| Sl. No. | Name of Barrage | Gross Storage Capacity ($10^3$ $m^3$) |
| 1 | Periyar Valley Barrage | 169790 |
| 2 | Pamba Barrage (Maniyar) | 8000 |
| 3 | Kulur Barrage (Pazhassi) | 97500 |
| 4 | Moolathara Regulator | 538 |

## അനുബന്ധം - II

## കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള ഡാമുകളും സംഭരണശേഷിയും

| നമ്പർ | ഡാമുകളുടെ പേര് | പദ്ധതിയുടെ പേര് | സംഭരണശേഷി ($10^3$ $M^3$) |
|---|---|---|---|
| 1 | രാംസ്വാമി ആയ്യർ ഹെഡ് വർക്ക്സ് | പള്ളിവാസൽ എച്ച്.ഇ.പി. | |
| 2 | കുണ്ടള | | 7780 |
| 3 | മാട്ടുപ്പെട്ടി | | 55230 |
| 4 | ചെങ്കുളം | ചെങ്കുളം എച്ച്.ഇ.പി. | 710 |
| 5 | കല്ലാർകുട്ടി | നേരിയമംഗലം എച്ച്.ഇ.പി. | 6800 |
| 6 | വിരിപ്പാറ ഡൈവേർഷൻ | | - |
| 7 | പൊൻമുടി | പന്നിയാർ എച്ച്.ഇ.പി. | 51540 |
| 8 | ആനയിറങ്കൽ | | 50680 |
| 9 | മുല്ലക്കാനം ഡൈവേർഷൻ | | - |
| 10 | പാറക്കടവ് ഡൈവേർഷൻ | | - |
| 11 | മുല്ലക്കൽ ഡൈവേർഷൻ | | - |
| 12 | ഷോളയാർ മെയ്ൻ | ഷോളയാർ എച്ച്.ഇ.പി. | 153480 |
| 13 | ഷോളയാർ ഷാഡിൽ | | |
| 14 | ഷോളയാർ ഫ്ലാങ്കിംഗ് | | |
| 15 | പമ്പ | ശബരിഗിരി എച്ച്.ഇ.പി. | 39220 |
| 16 | കൊച്ചുപമ്പ | | |
| 17 | കക്കി | | 455020 |
| 18 | ആനത്തോട് | | |
| 19 | അപ്പർ മൂഴിയാർ | | 35 |
| 20 | അപ്പർ മൂഴിയാർ - സ്പിൽവെ | | |
| 21 | കുള്ളാർ | | 2780 |
| 22 | ഗവി | | |
| 23 | മീനാർ 1 | | 30 |
| 24 | മീനാർ 2 | | 60 |
| 25 | കുറ്റിയാടി ഡാം (കക്കയം) | കുറ്റിയാടി എച്ച്.ഇ.പി. | 38400 |
| 26 | കുറ്റീയാടി ഓഗ്മെന്റേഷൻ മെയ്ൻ എർത്ത് ഡാം | കുറ്റിയാടി ഓഗ്മെന്റേഷൻ സ്കീം | 209180 |
| 27 | കുറ്റിയാടി സാഡിൽ | | |
| 28 | കോട്ടഗിരി സാഡിൽ | | |
| 29 | നിയർ കോട്ടഗിരി സാഡിൽ | | |
| 30 | കോസ്നി സാഡിൽ | | |
| 31 | കുറ്റിയാടി ഓഗ്മെന്റേഷൻ സ്പിൽവെ | | |

| | | | |
|---|---|---|---|
| 32 | നയമ്പല സാഡിൽ | | |
| 33 | മഞ്ചൂരാ സാഡിൽ | | |
| 34 | ഇടുക്കി | ഇടുക്കി എച്ച്.ഇ.പി. | 1996340 |
| 35 | ചെറുതോണി | | |
| 36 | കുളമാവ് | | |
| 37 | കല്ലാർ | | 793 |
| 38 | ഇരട്ടയാർ | | 5351 |
| 39 | നരകക്കാനം ഡൈവേർഷൻ | | - |
| 40 | അഴുത ഡൈവേർഷൻ | | - |
| 41 | വഴിക്കടവ് ഡൈവേർഷൻ | | - |
| 42 | വടക്കേപ്പുഴ ഡൈവേർഷൻ | | - |
| 43 | കുറ്റിയാർ | | - |
| 44 | ഇടമലയാർ | ഇടമലയാർ എച്ച്.ഇ.പി. | 1089800 |
| 45 | പെരിങ്ങൽകുത്ത് | പെരിങ്ങൽകുത്ത് എച്ച്.ഇ.പി. | 32000 |
| 46 | മൂഴിയാർ | കക്കാട് എച്ച്.ഇ.പി. | 1500 |
| 47 | വേലുത്തോട് | | 670 |
| 48 | പാംബ്ല ഡാം | ലോവർ പെരിയാർ എച്ച്.ഇ.പി. | 5300 |
| 49 | ചെന്പുകടവ് | ചെന്പുകടവ് എച്ച്.ഇ.പി. | - |
| 50 | ഉറുമി I | ഉറുമി I എച്ച്.ഇ.പി. | - |
| 51 | ഉറുമി II | ഉറുമി II എച്ച്.ഇ.പി. | - |
| 52 | ലോവർ മീൻമുട്ടി | ലോവർ മീൻമുട്ടി എസ്. എച്ച്.ഇ.പി. | - |
| 53 | പൂഴിത്തോട് | പൂഴിത്തോട് എസ്. എച്ച്.ഇ.പി. | - |
| 54 | മണിയാർ (റാന്നി - പെരിനാട്) | റാന്നി - പെരിനാട് എസ്. എച്ച്.ഇ.പി. | - |
| 55 | പാനോത്ത് - വിലങ്ങാട് | വിലങ്ങാട് എസ്. എച്ച്.ഇ.പി. | - |
| 56 | വാലൂക്ക് - വിലങ്ങാട് | | - |
| 57 | ആഢ്യൻപാറ | ആഢ്യൻപാറ എസ്. എച്ച്.ഇ.പി. | - |
| 58 | ബാരാപോൾ ട്രെഞ്ച് വെയർ | ബാരാപോൾ എസ്. എച്ച്.ഇ.പി. | - |